കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./
ജി.പി.5/2221/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.5/2221/2022 തീയ്യതി: 03/03/2023

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	23-11-2022	02-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-11-2022	02-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധുലാബീവി.എം (ഓഡിറ്റ് ഓഫീസർ .ഹ.ഗ്രേ)
ശ്രീ.അനിൽകുമാർ.ആർ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ജോസ്.ഡബ്ളിയു. (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ദിനു.റ്റി.എസ്. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ചെറുപുഷ്പം	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.സുദർശനൻ.റ്റി.	സെക്രട്ടറി	01-04-2021	31-05-2021
ശ്രീ. ഫൈസൽ .എ.എസ്	സെക്രട്ടറി	01-06-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കിരൺ .കെ.ജി	കൃഷി ഓഫീസർ	01-04-2021	31-03-2022
ഡോ. വിനോജ് .കെ.വി	മെഡിക്കൽ ഓഫീസർ അലോപ്പതി	01-04-2021	31-03-2022
ഡോ. അജിത	മെഡിക്കൽ ഓഫീസർ ആയൂർവേദം	01-04-2021	31-03-2022
ശ്രീ. ശ്രീകുമാർ .ബി.എസ്	വി.ഇ.ഒ. (എ സർക്കിൾ)	01-04-2021	13-08-2021
ശ്രീമതി സജിത	വി.ഇ.ഒ. (എ സർക്കിൾ)	14-08-2021	11-03-2022
ശ്രീ. ശ്രീകുമാർ .ബി.എസ്	വി.ഇ.ഒ. (എ സർക്കിൾ)	14-03-2022	31-03-2022
ശ്രീമതി അനീഷ ശശി	വി.ഇ.ഒ. (ബി സർക്കിൾ)	01-04-2021	31-03-2022
ശ്രീമതി ലക്ഷ്മി .എസ് നായർ	ഐ.സി.ഡി.എസ്.	01-04-2021	15-11-2021

ശ്രീമതി വിജയലക്ഷ്മി	ഐ.സി.ഡി.എസ്.	16-11-2021	31-03-2022
ശ്രീ. സുദർശനൻ .റ്റി.	സെക്രട്ടറി	01-04-2021	31-05-2021
ശ്രീ. ഫൈസൽ .എ.എസ്	സെക്രട്ടറി	01-06-2021	31-03-2022
ശ്രീമതി ശ്രീഭോഭ .കെ	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീ. അജയകുമാർ .ജി	ഹെഡ് മാസ്റ്റർ	01-04-2021	31-05-2021
ശ്രീ. റജി .ആർ.എസ്	ഹെഡ് മാസ്റ്റർ	01-06-2021	31-10-2021
ശ്രീമതി പ്രേമലത .എസ്.ആർ	ഹെഡ് മാസ്റ്റർ	01-11-2021	31-03-2022
ഡോ. രേഖ .ജെ	വെറ്ററിനറി സർജൻ	01-04-2021	02-12-2021
ഡോ. വന്ദന .സി.ജി	വെറ്ററിനറി സർജൻ	03-12-2021	31-03-2022
ശ്രീ. രതീഷ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ	1-5
6	ക്യാഷ് പരിശോധന	1-6
7	ആഭ്യന്തര നിയന്ത്രണം	1-7
8	തൊഴിലുറപ്പ് പദ്ധതി	1-8
9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ	1-9
10	തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല	1-10
11	റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല	1-11
12	രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത	1-12
13	ലേലവരവിലെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്	1-13
14	വട്ടപ്പറമ്പ് അങ്കണവാടി കെട്ടിട നിർമ്മാണം - അധികം നല്കിയ തുകയായ 1,73,350/- രൂപ നിരാകരിക്കുന്നു	1-14
15	പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം എസ്റ്റിമേറ്റ് റിവൈസ്ചെയ്യു-മാനദണ്ഡങ്ങൾ പാലിച്ചില്ല	1-15
16	ടേക്ക് എ ബ്രേക്ക് നിർമ്മാണം	1-16
17	പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്	1-17
18	ക്ഷീരസമൃദ്ധി പദ്ധതി -സബ്സിഡി വിതരണ കണക്കുകളിൽ കൃത്യതയില്ല.	1-18
19	പഞ്ചായത്ത് പരിധിയിൽ താമസക്കാരല്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു	1-19
20	ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം - സേവനങ്ങൾ ലഭ്യമായതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല -രൂപ 1,40,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-20
21	വി.ഇ.ഒ, സർക്കിൾ എ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ	1-21
22	ആശുപത്രി ഉപകരണങ്ങളുടെ റിപ്പയറും മെയിന്റനൻസും - രേഖകൾ അപൂർണ്ണം	1-22
23	പൂഴനാട് പി.എച്ച്.സി യിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു -49000/-	1-23
24	പാലിയേറ്റീവ് കെയർ പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-24
25	യുവജനങ്ങൾക്ക് ഓട്ടോറിക്ഷ പദ്ധതി - രൂപ 120000 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-25
26	വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- രൂപ 125958 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-26
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	കരാറുകാരന് 1,73,350/-രൂപ അധികം നല്കി-തിരികെ ഈടാക്കേണ്ടതാണ്	3-1
	ഭാഗം 4	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങളുടെ വിവരം	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ഭരണസമിതിയുടെ 24.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 207831785/- (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും പ്രതീക്ഷിത ചെലവ് 201613713 /- രൂപയും 6218072/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. 2021-22 വർഷത്തെ റിവൈസ്ഡ് ബജറ്റ് 18.03.2022 -ലെ 1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് നടപടിക്രമങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

2. ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരീക്കുകയും വേണം (214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിനൊപ്പമാണ് 2021-22-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്.

3. ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

ക്രമനം	ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം)	AFS പ്രകാരമുള്ള ഹെഡ് കോഡ്	ബജറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ്. പ്രകാരമുള്ള തുക
1	2201002-മറ്റിനം	220100299	0	21269
2	2207101-അസ്സാധാരണ ചെലവുകൾ-	220710102	15000	74203
3	2301001-വൈദ്യുതി -	230100101 230100199	240000	361698 24647
4	2301101-വാട്ടർ ചാർജ്ജ് -	230110102	10000	364590
5	2305005-സംരക്ഷണവും അറ്റകുറ്റപണികളും-കുടിവെള്ള പദ്ധതികൾ-	230500503	0	11553
6	2501002-കൃഷിയും അനുബന്ധമേഖലകളും-മറ്റ് വിളകൾ	250100201	20000	867400
7	2501019- കൃഷിയും അനുബന്ധമേഖലകളും-കുരുമുളക	250101901	0	41850
8	2501039-മൃഗസംരക്ഷണം - പശ്ചാത്തലസൗകര്യങ്ങൾ	250103901	15000	248265
9	2501046-ക്ഷീരവികസനം സംഭരണവും വിതരണവും	250104601	405000	1617603
10	251200)-ഹെൽത്ത് സെന്ററുകൾ/ ആശുപത്രികൾ/ ഡിസ്പെൻസറികൾ	251200101	100000	347503

2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഹെഡ് കോഡ് (ബജറ്റ് പ്രകാരം)	ഇനം	ബജറ്റിൽ വകയിരുത്തിയ തുക	ധനകാര്യപത്രിക പ്രകാരം ചെലവ്
1	2201001	വാടക	8000	0
2	2205101	നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ	35000	0
3	2501004	കൃഷിയും അനുബന്ധമേഖലകളും-മൃഗസംരക്ഷണം	20000	0
4	2501005	കൃഷിയും അനുബന്ധമേഖലകളും-ക്ഷീരവികസനം	100000	0
5	2501008	കൃഷിയും അനുബന്ധമേഖലകളും-നീർത്തടവികസനം	150000	0
6	2501012	കൃഷിയും അനുബന്ധമേഖലകളും-വാഴ	350000	0
7	2501026	കൃഷിയും അനുബന്ധമേഖലകളും-അനുബന്ധ സൗകര്യങ്ങൾ	250000	0

8	2501028	കൃഷിയും അനുബന്ധമേഖലകളും-കാർഷിക വിപണനം	10000	0
9	2501040	മൃഗസംരക്ഷണം-രോഗനിയന്ത്രണം	75000	0
10	2501041	മൃഗസംരക്ഷണം-അനുബന്ധസൗകര്യങ്ങൾ	100000	0
11	2502001	മണ്ണ് ജലസംരക്ഷണം	75000	0

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്ഷണം നം-4/2022-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പ്രസ്തുത അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി. ഭാവിയിൽ അപാകതകൾ പരിഹരിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2021	08.06.2022

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു (വരവ് 216754833/- ചെലവ് 223223262/-).

3. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ Net Cash Generated (2740086) എന്നത് Net Increase/Decrease In Cash And Cash Equivalents(2623519) ുമായി പൊരുത്തപ്പെടുന്നില്ല.

4. 2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവിലയിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

5. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് പ്രകാരം ബാദ്ധ്യതയായി നിലനിൽക്കുന്ന ഗുണഭോക്തൃ വിഹിതം (തുക 51350/-) രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റിലെ B-18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ലു.ഡി) രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. Advance To Others, Advance To Implementing Officers എന്നീയിനങ്ങളിൽ ധനകാര്യ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ഇനം	വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക	തൻവർഷം നൽകിയ തുക (ധനകാര്യ പത്രിക പ്രകാരം)	തൻവർഷം തിരികെ ലഭിച്ച തുക	വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യ പത്രിക പ്രകാരം)	വ്യത്യാസം
Advance To Others	645200	1662187	238377	1210048	858962
Advance To Implementing Officers	212928	1360044	893582	439390	240000

സാനിറ്റേഷനുവേണ്ടി തനതുഫണ്ടിൽ നിന്നും നൽകിയ തുക അഡ്ജസ്റ്റ് ചെയ്തതാണ് വ്യത്യാസത്തിന് കാരണം എന്ന് ഓഡിറ്റ് അന്വേഷണം 1/2022 -നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

9. കാലാവധി കഴിഞ്ഞ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലെ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	രസീത് നം.	തീയതി	തുക
Bidders EMD	117020101185	16.01.17	5000
	11702021152	30.10.17	5000
	117020201162	30.10.17	1750
Contractors EMD	രേഖപ്പെടുത്തിയിട്ടില്ല	28.02.16	23757

10. ഡിപ്രിസീയേഷൻ സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

11. Profession Tax Iinstitution/Professionals/ Traders (Arrear) എന്നയിനത്തിൽ കുടിശ്ശികയായ തുക (1250) ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2020-21 ധനകാര്യപത്രിക ബി-15	2021-22 ധനകാര്യപത്രിക ആർ.പി-43	2021-22 ധനകാര്യപത്രിക ബി-15
8750	7500	0

12. ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ 2022 മാർച്ച് മാസത്തെ റീകൺസിലീയേഷൻ പത്രിക പ്രകാരം Cheques Issued But Not Presented In To Bank എന്നയിനത്തിൽ കളക്ഷനാകാത്ത തുകകൾ കളക്ഷനായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട്	ചെക്ക് നം.	തീയതി	തുക
ഐ.ഒ.ബി തനത് ഫണ്ട്	809145	19.09.2019	1000
	8222781	02.07.2020	2500
	828378	23.01.2021	500
	828362	23.01.2021	500
	828367	23.01.2021	1000
	828367	23.01.2021	1000

13. എം.ജി.എൻ.ആർ.ഇ.ജി.എസ്- ചെലവ് തുക (296911) ക്യാഷ്ബുക്കിലെ തുകയുമായി (1155873) പൊരുത്തപ്പെടുന്നില്ല (എം.ജി.എൻ.ആർ.ഇ.ജി.എസ്- അഡ്വാൻസ് റീകൂപ്പ് ചെയ്യപ്പോൾ ജേർണൽ വഴി അഡ്ജസ്റ്റ് ചെയ്തതാണ് വ്യത്യാസത്തിന് കാരണം ഓഡിറ്റ് അന്വേഷണം 1/2022 -നുള്ള മറുപടി).

14. എം.ജി.എൻ.ആർ.ഇ.ജി.എസ്-ഇൻകം & എക്സ്പെന്റീച്ചർ I-6, I-14(A) എന്നീ ഷെഡ്യൂകൾ പ്രകാരമുള്ള തുക (82347360) MIS Statement-ലെ തുകയുമായി (94517000) പൊരുത്തപ്പെടുന്നില്ല.

15. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ (പ്രോജക്ട് നം. 97/22) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക (835505/-) ബിൽ ബുക്ക് പ്രകാരമുള്ള തുകയുമായി (800515/-) പൊരുത്തപ്പെടുന്നില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവ് – ചെലവ് – നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
വികസനഫണ്ട് (ജനറൽ)	0	7655732	7655732	13430000	-5774268
വികസനഫണ്ട് (എസ്.സി.പി)	0	6044289	6044289	4986419	1057870
വികസനഫണ്ട് (ടി.എസ്.പി)	0	196534	196534	134666	61863
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	8967280	8967280	4819560	4147720
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	3256274	3256274	2335859	920415
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	5731779	5731779	3529478	2202301
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	17786277	17786277	14365707	3420570
സി.എസ്.എസ്	0	0	0	2026645	-2026645

വികസനഫണ്ട്, സി.എസ്.എസ്. എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.
1. വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ചെലവ് തുക	
	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം	എ.സി.ആർ പ്രകാരം
വികസന ഫണ്ട് (ജനറൽ)	13430000	765532
വികസന ഫണ്ട് (എസ്.സി.പി)	4986419	4810419
വികസന ഫണ്ട് (ടി.എസ്.പി)	134666	120000

2. പട്ടികജാതി ഉപപദ്ധതി വിഹിതം പൂർണമായി ചെലവഴിക്കാതെ തുക പാഴായി

29.01.2018-ലെ, സ.ഉ. നം. 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.1(1)-ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല. എന്നാൽ തൻവർഷം 1233870/- ചെലവഴിക്കാതെ പാഴായി.

3. പട്ടികവർഗ ഉപപദ്ധതി വിഹിതം പൂർണമായി ചെലവഴിക്കാതെ തുക ലാപ്സ് ആയി.

29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 62(1)-ൽ പട്ടിക വർഗ ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.എന്നാൽ തൻവർഷം 76534/- ചെലവഴിക്കാതെ പാഴായി

4. ഉല്പാദന, സേവന, പശ്ചാത്തല, വനിതാഘടക പദ്ധതി മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ശതമാനം
പൊതു വിഭാഗം	ഉല്പാദനം	3489625	2519401	72
	സേവനം	12814287	10575479	82
	പശ്ചാത്തലം	393023	335120	85
പട്ടിക ജാതി വിഭാഗം	ഉല്പാദനം	734000	120000	16
	സേവനം	3681280	3497238	95
	പശ്ചാത്തലം	1686720	1369181	81
പട്ടിക വർഗ്ഗ വിഭാഗം	സേവനം	69333	14666	21
ധനകാര്യകമ്മീഷൻ	സേവനം	8216120	4819560	59
	പശ്ചാത്തലം	2958690	2335859	79
വനിത ഘടകപദ്ധതി		1659111	1547889	93

5. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(ആ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി.

അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ. (അ) 100/2018/ധന.,തീയതി. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കോഡ് (B-4 ഷെഡ്യൂൾ പ്രകാരം)	തദ്ദേശ സ്ഥാപനം	തുക
1	320700104	ബ്ലോക്ക് പഞ്ചായത്ത്	326489
2	320700204	ബ്ലോക്ക് പഞ്ചായത്ത്	414450
3	320700404	ബ്ലോക്ക് പഞ്ചായത്ത്	318152
4	320700405	ജില്ലാ പഞ്ചായത്ത്	2710961

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/2022-ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2021-22 ൽ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
168	76552364	130	56438435	-	38	77

പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകൾ				വകയിരുത്തൽ	ചെലവ്	ശതമാനം
		അംഗീകാരം നേടിയത്	നടപ്പാക്കിയത്	നടപ്പിലാക്കാത്തത്	ശതമാനം			
1	കൃഷി ഓഫീസർ	10	10	0	100	1762000	1160300	66
2	വെറ്ററിനറി സർജൻ	8	7	1	87	3844000	1476415	38
3	മെഡിക്കൽ ഓഫീസർ പ്.എച്ച്.സി	11	11	0	100	2421000	210954	87
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	1	1	0	100	500000	500000	100
5	വി.ഇ.ഒ	23	15	8	65	18597795	13228183	71
6	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	12	9	3	75	4640000	4145724	89
7	സെക്രട്ടറി	34	23	11	68	12558987	10024656	80
8	ഹെഡ്മാസ്റ്റർ	2	1	1	50	254667	200000	79
9	അസിസ്റ്റന്റ് എഞ്ചിനീയർ	65	51	14	78	29483915	21976013	75
10	ഡയറിഫാം	2	2	0	100	2490000	1617603	65
ആകെ		**168**	**130**	**38**	**77**	**76552364**	**56438435**	74

* ആകെ വകയിരുത്തിയതിന്റെ 74 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഇത്തരത്തിൽ ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

* വെറ്ററിനറി സർജൻ അംഗീകാരം വാങ്ങിയ 8 പ്രോജക്ടുകളിൽ 7 എണ്ണം നടപ്പിലാക്കിയെങ്കിലും അകെ വകയിരുത്തിയ ഫണ്ടിന്റെ 38 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

1-5 ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	ഇല്ല	ഇല്ല
കർഷക തൊഴിലാളി പെൻഷൻ	9140400	590
വിധവ പെൻഷൻ	17191200	1113
വാർദ്ധക്യകാല പെൻഷൻ	30770600	2046
വികലാംഗ പെൻഷൻ	5229400	338
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	462200	31
വിവാഹ ധനസഹായം	690000	23

1-6 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2022 തീയതിയിൽ 3 P.M. സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4798/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഇൻവേർഡ് രജിസ്റ്റർ, സ്റ്റാഫ് മീറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് 02.07.2021 നും 20.10.2021 നും മാത്രമേ 2021-22 കാലയളവിൽ കൂടിയിട്ടുള്ളൂ. പൗരവകാശ രേഖ 2019ലാണ് അവസാനമായി പ്രസീദ്ധീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, ടോയ് ലെറ്റ് സംവിധാനം, ഫീഡിംഗ് റൂം സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്. തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. ഗ്രാമസഭ എടുക്കുന്ന തീരുമാനങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. മിനിട്സുകളിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട പ്രോജക്ടുകൾ ആണ് ആവിഷ്കരിക്കേണ്ടത്. ആരോഗ്യ മേഖലയിലെ പാലിയേറ്റീവ് പ്രവർത്തനം മാതൃകാപരമാണ്. ദീർഘ വീക്ഷണമില്ലാതെ നടപ്പാക്കുക വഴി ടേക്ക് എ ബ്രേക്ക് പോലെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കാതെ പോകുന്നു. ഫണ്ട് ചെലവഴിക്കാൻ മാത്രമായി പ്രോജക്ട് നിർവഹണം മാറുന്നത് ശരിയായ പ്രവണത അല്ല. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്. പ്രോജക്ടിന്റെ ആരംഭ ഘട്ടത്തിൽ ഉള്ള വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിർവഹണം കഴിയുമ്പോൾ മോണിട്ടറിംഗ് ഗ്രൂപ്പുകളായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അത്തരം മോണിട്ടറിംഗ് റിപ്പോർട്ടുകൾ പ്രോജക്ടുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണച്ചെലവുകൾ	3329	1162959	1166288	1155873	10415
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	81183533	81183533	81183533	0
ആകെ	**3329**	**82346492**	**82349821**	**82339406**	**10415**

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08.10.22	2021 ആഗസ്റ്റ് 2022 മാർച്ച്	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറൽ	07.02.2019 മുതൽ 20.02.2019 വരെ	2013-14 മുതൽ 2017-18 വരെ	28.03.2019

1-10 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-2022 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനങ്ങൾ	തൊഴിൽ നികുതി	സ്ഥാപന നികുതി
1	BSNL Office, ഒറ്റശേഖരമംഗലം	Ist & IInd Half	അടച്ചിട്ടില്ല
2	എം പി എൽ എസ്, ആലച്ചൽക്കോണം	Ist & IInd Half	അടച്ചിട്ടില്ല
3	Mamal Fuels, മണ്ഡപത്തിൻകടവ്	Ist & IInd Half	അടച്ചിട്ടില്ല
4	ദേവസ്വം ഓഫീസ്, ഒറ്റശേഖരമംഗലം	Ist & IInd Half	അടച്ചിട്ടില്ല
5	നെടുംപറമ്പിൽ ക്രഡിറ്റ് സിന്റിക്കേറ്റ്, പൂഴനാട്	Ist & IInd Half	അടച്ചിട്ടില്ല
6	പൂഴനാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി	Ist & IInd Half	അടച്ചിട്ടില്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16 ന് മറുപടി ലഭ്യമാക്കി. Mamal Fuels, മണ്ഡപത്തിൻകടവ് എന്ന സ്ഥാപനം 2021-2022 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അഡ്വാൻസായി (Receipt No. 120020101818 Dtd 06.03.2021, Receipt No. 120020101817 Dtd 06.03.2021) ഒടുക്കുവരുത്തി. നെടുംപറമ്പിൽ ക്രഡിറ്റ് സിന്റിക്കേറ്റ്, പൂഴനാട് സ്ഥാപനം എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല. മറ്റുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കി.

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-11 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല

1996 -ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16) മറുപടിയായി, 13 റേഷൻകടകളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. ഇവയെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ 2021-2022 വർഷത്തിലെ ഔട്ട്ഡോർ കളക്ഷനുമായി ബന്ധപ്പെട്ട രസീത് ബുക്കുകൾ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ചില ബുക്കുകളുടെ ഉപയോഗിക്കാത്ത ലീഫുകൾ 'Cancelled' എന്നു രേഖപ്പെടുത്താതെ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ലീഫുകൾ 'Cancelled' എന്നു രേഖപ്പെടുത്താതെ സൂക്ഷിച്ചാൽ അവ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടുതലാണ്. മേൽവിഷയവുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് - 15 ന് നൽകിയ മറുപടിയിൽ 'Cancelled' ചെയ്യാതെ സൂക്ഷിച്ച രസീതുബുക്കുകൾ (നം. 3638 -ലെ 13 മുതലുള്ള ലീഫുകൾ, നം. 3639 -ലെ 63 മുതലുള്ള ലീഫുകൾ) 'Cancelled' ചെയ്ത് ഓഡിറ്റിനു മുമ്പാകെ ഹാജരാക്കി. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്.

1-13 ലേലവരവിലെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പൂഴനാട് ഷോപ്പിങ് കോംപ്ലക്സിലെ 1, 2, 3, 4, 6, 8 എന്നീ നമ്പർ കടമുറികൾ, മണ്ഡപത്തിൻകടവ് വെയ്റ്റിംങ് ഷെഡിനോട് ചേർന്ന കടമുറി എന്നിവയുടെ ലേലം മുഖേനയുള്ള വരുമാനച്ചോർച്ച സംബന്ധിച്ചു നൽകിയ അന്വേഷണക്കുറിപ്പ് (നം. 27) ന് താഴെപറയും വിധം മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള പൂഴനാട് ഷോപ്പിങ് കോംപ്ലക്സിലെ 1, 2, 3, 4, 6, 8 എന്നീ നമ്പർ കടമുറികൾ, മണ്ഡപത്തിൻകടവ് വെയ്റ്റിംങ് ഷെഡിനോട് ചേർന്ന കടമുറി എന്നിവ പലതവണ ലേലം ചെയ്തിട്ടും കൊവിഡ് മഹാമാരി, തുടരെ തുടരെ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ, മഴ തുടങ്ങിയവ കാരണം ബിസിനസ് രംഗവും കാർഷിക മേഖലയും തൊഴിൽ മേഖലയും തകർന്ന അവസ്ഥയിലായതിനാൽ ലേലത്തിൽ പങ്കെടുത്ത ആരും തന്നെ നിലവിലെ തുകയിൽ നിന്നും കൂട്ടി പ്രസ്തുത കടമുറികൾ ലേലം വിളിക്കാൻ തയ്യാറായില്ല. ലേലം നടക്കാത്തതിനാൽ പ്രസ്തുത മുറികൾ നിലവിൽ വാടകയ്ക്ക് എടുത്തവർക്ക് നിലവിലെ തുകയ്ക്ക് തുടരാൻ താൽപര്യം ഉണ്ടെങ്കിൽ അവർക്ക് തന്നെ തുടർന്നും 2021-2022 സാമ്പത്തിക വർഷത്തേക്ക് കടമുറികൾ പ്രതിമാസ വാടകനിരക്കിൽ അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 6, 8 എന്നീ കടമുറികളും മണ്ഡപത്തിൻകടവ് വെയ്റ്റിംങ്ങ് ഷെഡിനോട് ചേർന്ന കടമുറിയും 2021-2022 സാമ്പത്തികവർഷത്തേക്ക് കരാർ വ്യവസ്ഥയിൽ പ്രതിമാസവാടകയ്ക്ക് അനുവദിച്ചിട്ടുള്ളതുമാണെന്ന വിവരം റിപ്പോർട്ട് ചെയ്തു.

പഞ്ചായത്തിന്റെ വരുമാനസ്രോതസ്സുകളിൽ നിന്ന് യഥാവിധം വരുമാനം ലഭിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. കൊവിഡ് മഹാമാരി മൂലം നിലച്ചുപോയ പല വരവുകളും തിരികെ കൊണ്ടുവരുവാൻ ജാഗ്രത പുലർത്തേണ്ടതാണ്. ലേലത്തിൽ പോകാതെ കിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനും പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകളിൽ നിന്ന് യഥാവിധം വരുമാനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-14 വട്ടപ്പറമ്പ് അങ്കണവാടി കെട്ടിട നിർമ്മാണം - അധികം നല്കിയ തുകയായ 1,73,350/- രൂപ നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
പ്രോജക്ട് നം. – SO 114/20(20-21) SO 34/21, New 121/21

അടങ്കൽ 14,50,000/(വികസന ഫണ്ട് -5,80,000/ Externally Aided Fund-8,70,000/)

എഗ്രീഡ് പി.എ.സി -11,04,309/

ചെലവ് - 6,90,452/ 3842653/01.02.2022. (;)

- 2,88,376/ ബിൽ നം 105/30.3.21 (CFc

-3,89,692/ ബിൽ നം 62/11.11.20(CFC)

കോൺട്രാക്ടർ – ശ്രീ.സുരേഷ് കുമാർ

M.BOOK No – 431,711,/19-20

കരാർ – 40/AE/LSGD/OSMGP/19-20 Dtd16/11/19

സൈറ്റ് കൈമാറിയ തീയതി - 16/09/2019

പണി പൂർത്തീകരിച്ച തീയതി - 24/08/2020

2019-20 ലെ വട്ടപ്പറമ്പ് അംഗൻവാടി നിർമ്മാണം പ്രോജക്ട് 16/09/2019 ൽ ആരംഭിച്ചെങ്കിലും 2020-21 ലാണ് പണി പൂർത്തീകരിച്ചു പാർട്ട് ബിൽ നല്കിയത്. 2019-20 ലെ ഈപ്രോജക്ട് കുറഞ്ഞ തുകയായ 11,04,309/രൂപ കാട്ട് ചെയ്ത ശ്രീ.സുരേഷ്കുമാർ എന്ന കരാറുകാരന് 16/09/2019 ൽ സൈറ്റ് കൈമാറി. എം.ബുക്ക് പ്രകാരം ആകെ പ്രവർത്തി മൂല്യം 1067116/- രൂപയാണ്. (എം ബുക്ക് നം 711/20-21 പേജ് നം 66 & 67) GST 128054/- രൂപയും ചേർന്ന 1195170/- രൂപ അനുവദിക്കുന്നതിനു പകരം 13,68,520/- രൂപ താഴെ പറയുന്ന ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽനം/ തീയതി - 105 /30.03.21 - 2,88,376/-

ചെക്ക് നം/തീയതി - 3842653/01.02.22 – 6,90,452/-

ബിൽനം/തീയതി - 62/11.11.20 - 3,89,692/-

1,73,350/- രൂപ അധികമായി നൽകിയതിന്റെ കാരണം വിശദമാക്കിയിട്ടില്ല. ഓഡിറ്റ് എൻകൗയറിക്ക് മറുപടിയായി അധികം നല്കിയ 1,73,350/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബില്ലുകൾ കൃത്യമായി പൂർത്തീകരിച്ച പ്രവൃത്തികളുടേയും നിരക്കിന്റേയും സൂക്ഷ്മപരിശോധന നടത്തി തയ്യാറാക്കുന്നതിന്റെ ആവശ്യകതയിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

1-15 പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം എസ്റ്റിമേറ്റ് റിവൈസ്ചെയ്തു-മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രവൃത്തിയുടെ പേര് - ഭാവന സാംസ്കാരിക നിലയം – എം.പി. ലാഡ്സ് ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക – 20,00,000/-

കാട്ട് ചെയ്ത തുക – 18,40,401

എം.ബുക്ക് നം – 139/19-20,677/19-20

കോൺട്രാക്ടർ – ശ്രീ.അജിത് കുമാർ, അജിതഭവൻ, വിളവൂർക്കൽ

കാലാവധി – 9 മാസം

സൈറ്റ് കൈമാറിയ തീയതി - 18/09/2019

പൂർത്തീകരിച്ച തീയതി – 30/12/2020

ഭാവന സാംസ്കാരിക നിലയം കെട്ടിടത്തിന് ഹാൾ നിർമ്മാണം എന്ന വർക്കിന് എം.പി. ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചു. ടെണ്ടർ നടപടികളിലൂടെ ശ്രീ.അജിത് കുമാർ, അജിതഭവൻ, വിളവൂർക്കൽ -ന് 18,40,401/- രൂപയ്ക്ക് ടെണ്ടർ നല്കി 20-09-2019 ന് കരാർ വച്ചു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(P)13/2012/Pwd/Dtd 01.02.2012 സെക്ഷൻ 1601-1-6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ. (എം.എസ്) 72/2017, ത.സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ടേക്ക് എ ബ്രേക്ക് നിർമ്മാണം

ഗ്രാമപഞ്ചായത്തിലെ 20-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം 218/21- കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം (ടേക്ക് എ ബ്രേക്ക്) എന്ന പ്രവർത്തിക്ക് 3 യൂണിറ്റുകളാണ് വിഭാവനം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ടെണ്ടർ ക്ഷണിച്ചത്. പ്രവർത്തി തുടങ്ങിയപ്പോൾ രണ്ട് യൂണിറ്റുകളിലെ തർക്കം കാരണം ഒരു സൈറ്റ് ഉപേക്ഷിക്കുകയും പൂഴനാട് കുടുംബാരോഗ്യകേന്ദ്രത്തിലെ സൈറ്റിനു പകരം ചേനാട് മാർക്കറ്റ് തിരഞ്ഞെടുക്കുകയും ചെയ്തു. സ്ഥലപരിശോധനയിൽ കാടും പടലവും നിറഞ്ഞ ഒരു സ്ഥലത്ത് ആണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് ഒരു തരത്തിലും ഉപകാര പ്രദമാക്കാൻ സാധിക്കാത്ത സ്ഥലത്ത് ശുചിത്വമിഷൻ ഫണ്ട് ചെലവ് ചെയ്തത് യുക്തമല്ല. സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികൾ നിർമ്മിക്കുന്നതിന് സഉ(സാധാ)നം 139/2020 ത.സ്വ.ഭ.വ തീയതി 06.03.2020, സർക്കുലർ നം. DBs/507/11/CE/LSGD തീയതി - 24.09.2020 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകി. എന്നാൽ ഒഴിഞ്ഞ സ്ഥലങ്ങളിൽ ഇപ്രകാരം നിർമ്മാണ പ്രവർത്തികൾ ചെയ്തതിൻെറ ആവശ്യകത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ഫണ്ട് ചെലവാക്കാനായി മാത്രം പ്രോജക്ടുകൾ നിർവഹിക്കുന്നത് ശരിയായ പ്രവണത അല്ല.

1-17 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം പഞ്ചായത്ത് വിഹിതമായി 61 കന്നുകുട്ടികൾക്കായി 381250/- രൂപ മൃഗസംരക്ഷണവകുപ്പിന് കൈമാറിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം, ഓഡിറ്റ് എൻകയറിയുടെ (13/30.11.2022) മറുപടി എന്നിവ അനുസരിച്ച് മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ നൽകിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല.

പദ്ധതി ആരംഭിച്ച വർഷം	കൈമാറിയ തുക	നാളിതുവരെ ചെലവഴിച്ച തുക (30.11.2022)	ചെലവഴിക്കാതെ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക
2019-20	312500	298317	14183
2020-21	462500	440502	21998
2021-22	381250	169405	211845

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തുടർവർഷങ്ങളിൽ പദ്ധതിക്കായി ഉപയോഗപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ക്ഷീരസമൃദ്ധി പദ്ധതി -സബ്സിഡി വിതരണ കണക്കുകളിൽ കൃത്യതയില്ല.

പ്രോജക്ട് നം.	7/2022
പേര്	ക്ഷീര സമൃദ്ധി വനിത
അടങ്കൽ	430000/- (വി.ഫ.പൊ.വി), 430000/- (ബ്ലോ.പ.വി), 430000/- (ജി.പ.വി) ആകെ 1290000/-
ചെലവ്	273107/- (വി.ഫ.പൊ.വി), 347165/- (ബ്ലോ.പ.വി), 396009/- (ജി.പ.വി) ആകെ 1016281/-
ബിൽ നം.	01/2021-22 തീയതി. 23.12.2021, രൂപ 141260/- 04/2021-22 തീയതി. 12.01.2022, രൂപ 273107/- 05/2021-22 തീയതി. 19.01.2022, രൂപ 192045/- 06/2021-22 തീയതി. 30.03.2022, രൂപ 205905/- 09/2021-22 തീയതി. 30.03.2022, രൂപ 78048/- 10/2021-22 തീയതി. 30.03.2022, രൂപ 125916/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

2)

പ്രോജക്ട് നം.	6/2022
പേര്	ക്ഷീര സമൃദ്ധി ജനറൽ
അടങ്കൽ	400000/- (വി.ഫ.പൊ.വി), 400000/- (ബ്ലോ.പ.വി), 400000/- (ജി.പ.വി) ആകെ 1200000/-

ചെലവ്	237044/- (വി.ഫ.പൊ.വി), 114441/- (ബ്ലോ.പ.വി), 249837/- (ജി.പ.വി) ആകെ 601322/-
ബിൽ നം.	02/2021-22 തീയതി. 23.12.2021, രൂപ 114441/- 03/2021-22 തീയതി. 12.01.2022, രൂപ 237044/- 07/2021-22 തീയതി. 30.03.2022, രൂപ 170503/- 08/2021-22 തീയതി. 30.03.2022, രൂപ 79334/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീര സംഘങ്ങളിൽ പാല് നൽകുന്ന കർഷകർക്ക് അവർ ഒഴിക്കുന്ന പാലിന് ലിറ്ററിന് മൂന്ന് രൂപ നിരക്കിൽ പരമാവധി 40000/- രൂപ വരെ സബ്സിഡി നൽകുന്നതിനായാണ് മേൽ പ്രോജക്റ്റുകൾ വിഭാവനം ചെയ്തിരുന്നത്. ഇതിൻ പ്രകാരം ജനറൽ വിഭാഗത്തിൽ 114 ഗുണഭോക്താക്കൾക്കും വനിതാ വിഭാഗത്തിൽ 96 ഗുണഭോക്താക്കൾക്കും സബ്സിഡി ആനുകൂല്യം നൽകുന്നതിനായി 1617603/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി വിതരണത്തിലെ കൃത്യത പരിശോധിക്കുന്നതിലേക്കായി ഓരോ ഗുണഭോക്താക്കളും പ്രതിമാസം ക്ഷീര സംഘങ്ങൾക്ക് നൽകിയ പാലിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ, ഓരോ ഗുണഭോക്താക്കൾക്കും പ്രതിമാസം അനുവദിച്ച തുക ഒരു വർഷം ആകെ നൽകിയ തുക (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതവും, ക്ഷീര വികസന വകുപ്പിൽ നിന്നുള്ള വിഹിതവും തരം തിരിച്ച്) എന്നിവ ലഭ്യമാക്കാൻ 26.11.2022 ലെ ഓഡിറ്റ് എൻകയറി നമ്പർ - 07/2021-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലളവ് എഴുതിച്ചേർത്ത പത്രികകളും, പ്രതിമാസ ആനുകൂല്യ തുകകളോ സംക്ഷിപ്തമോ (Abstract) ഉൾപ്പെടുത്താതെയുള്ളതും ഏതൊക്കെ മാസങ്ങൾക്കായാണ് തുക അനുവദിക്കുന്നതെന്ന വിവരം സൂചിപ്പിക്കാത്തതും ആയ, ഡി.ബി.റ്റി പത്രികകളും ആണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ക്രമപ്രകാരമുള്ള ഡി.ബി.റ്റി പത്രിക (Abstract) യുടെ അഭാവത്തിൽ ഓരോ ഗുണഭോക്താവിനും പ്രതിമാസം അനുവദിച്ച തുക, ഒരു വർഷം ആകെ നൽകിയ തുക, അനുവദിക്കാൻ ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സബ്സിഡി വിതരണ കണക്കുകളിലെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

1-19 പഞ്ചായത്ത് പരിധിയിൽ താമസക്കാരല്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു

പ്രോജക്ടിന്റെ പേര്	ആട് വളർത്തൽ (വനിത)
പ്രോജക്ട് നം	60/22
അടങ്കൽ തുക	448000
ചെലവ് തുക	208000
ബിൽ നം/തീയതി	5/21-22 40000/-, 24.11.21, 7/21-22 112000/- 27.12.2022, 12/21-22 56000/-, 03.02.2022

പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം നൽകിയ ശ്രീമതി പ്രഭകുമാരി.സി, സോജാഭവൻ എന്ന വ്യക്തിയുടെ റേഷൻകാർഡ് (നം.1105002234) പ്രകാരം ഗുണഭോക്താവ് പൂവച്ചൽ ഗ്രാമപഞ്ചായത്തിലാണ്.

പ്രോജക്ടിന്റെ പേര്	കറവപ്പശു വളർത്തൽ (വനിത)
പ്രോജക്ട് നം	80/22
അടങ്കൽ തുക	840000
ചെലവ് തുക	420000
ബിൽ നം/ തീയതി	2/21-22 30000/- 06.11.22 3/21-22 120000/- 24.11.22, 8/21-22 120000/-, 24.11.21, 8/21-22 120000/- 27.12.2022, 10/21-22 30000/-, 31.01.2022

മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ ശ്രീമതി ഗിരിജകുമാരി എന്ന വ്യക്തിയുടെ റേഷൻകാർഡ് (നം-1106009303) പ്രകാരം ഗുണഭോക്താവ് ആര്യൻകോട് പഞ്ചായത്തിലാണ്. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-14/22 -ന് രേഖകൾ ലഭ്യമാക്കുന്നതിന് സമയം അനുവദിക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്. ടി ഗുണഭോക്താക്കൾ പഞ്ചായത്തിലെ താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ 2 മാസത്തിനുള്ളിൽ ഹാജരാക്കാത്ത പക്ഷം സബ്സിഡി നൽകിയ തുകയായ 38000/- രൂപ (8000+ 30000) നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. ആയതിനാൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-20 ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം - സേവനങ്ങൾ ലഭ്യമായതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല -രൂപ 1,40,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	91/2022
പേര്	ഹരിതസഹായ സ്ഥാപനം
അടങ്കൽ	181000/- (വി.ഫ-ധ.ക.അ)
ചെലവ്	രൂപ 140000/-
ബിൽ നം.	വെബ്സാംഖ്യാ ബിൽ (ACR) നം. 226 തീയതി. 08.02.2022, രൂപ 80000/- വെബ്സാംഖ്യാ ബിൽ (ACR) നം. 268 തീയതി. 09.03.2022, രൂപ 40000/-

	വെബ്സാംഖ്യാ ബിൽ(ACR) നം.323 തീയതി. 30.03.2022, രൂപ 20000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ ബി

മേൽ പ്രോജക്ട് പ്രകാരം ഹരിതസഹായസ്ഥാപനമായ AMAS -ന് 2021-22 ൽ 140000/- രൂപ നൽകിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് പൊതുവായും ഹരിതകർമ്മസേനക്ക് പ്രത്യേകിച്ചും 15.07.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2420/2017/ത.സ്വ.ഭ.വ, 12.08.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1496/2020/ത.സ്വ.ഭ.വ എന്നിവയിൽ പരാമർശിക്കും പ്രകാരം ഹരിതകർമ്മസേനക്ക് ആവശ്യമായ സാങ്കേതിക പിന്തുണ, സ്വയം പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ, ആവശ്യമായ പരിശീലനം നൽകൽ, പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, മാലിന്യ സംസ്ക്കരണ വിശദാംശ റിപ്പോർട്ട് തയ്യാറാക്കി നൽകൽ, ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തൽ തുടങ്ങിയ സേവനങ്ങൾ തിരികെ ലഭ്യമായിട്ടുണ്ടോയെന്നും ആയതിനുള്ള അധികവിവരങ്ങൾ, റിപ്പോർട്ടുകൾ ഇതു സംബന്ധിച്ച തെളിവുകൾ എന്നിവ ലഭ്യമാക്കാനും 26.11.2022 തീയതിയിലെ ഓഡിറ്റ് എൻകയറി നമ്പർ. 05/2021-22 മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥയോട് ആവശ്യപ്പെട്ടിരുന്നതിന് ഹരിതസഹായ സ്ഥാപനത്തിൽ നിന്നും ആവശ്യമായ സേവനങ്ങൾ ലഭ്യമായിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന് ഉപോത്ബലകമായ തെളിവുകളോ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഹരിതസഹായ സ്ഥാപനത്തിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന വിവരം രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവിട്ട 1,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വി.ഇ.ഒ, സർക്കിൾ എ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

1) വ്യക്തിഗത കക്കൂസ് നിർമ്മാണം - പദ്ധതി രേഖകൾ അപൂർണ്ണം

പ്രോജക്ട് നം.	88/2022
പേര്	വ്യക്തിഗത കക്കൂസ് നിർമ്മാണം
അടങ്കൽ	1680000/- (ധ.ക.അ)
ചെലവ്	രൂപ 1152000/- (96*12000)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ എ

മേൽ പ്രോജക്ട് പ്രകാരം 96 പേർക്ക് കക്കൂസ് നിർമ്മാണത്തിനായി 12000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളിലും ഫയലിലും യഥാവിധിയുള്ള കരാർ, എസ്റ്റിമേറ്റ്, LSGD വാലുവേഷൻ,കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ്/ഓരോ ഗുണഭോക്താക്കളും പ്രവർത്തി പൂർത്തീകരിച്ചതിനുള്ള തെളിവുകൾ/വിവരങ്ങൾ എന്നിവയുടെ അഭാവത്തിൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ നിർദ്ദിഷ്ട വികസന പ്രവൃത്തികൾ യഥാവിധി നിർവ്വഹിച്ചിരുന്നോയെന്ന് പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നമ്പർ – 20/2021-22തീയതി : 30.11.2022).

2) ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണപൂർത്തീകരണവിവരം ലഭ്യമല്ല.

പ്രോജക്ട് നം.	67/2022
പേര്	ലൈഫ് ഭവന പദ്ധതി (ജനറൽ)
അടങ്കൽ	31000/- (പൊ.വി) 4000000/- (BPS), 4000000/- (DPS)
ചെലവ്	രൂപ 3136195/- (BPS), 4000000/- (DPS) ആകെ 7136195/-
ബിൽ നം.	01/2021-22 തീയതി 07.07.2021 രൂപ 1257000/- 02/2021-22 തീയതി 04.08.2021 രൂപ 1000000/- 03/2021-22 തീയതി 13.08.2021 രൂപ 660000/- 06/2021-22 തീയതി 04.12.2021 രൂപ 219195/- 09/2021-22 തീയതി 11.03.2022 രൂപ 4000000/- (DPS)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ എ

മേൽ പ്രോജക്ട് പ്രകാരം ജനറൽ വിഭാഗത്തിൽ 317 പേർക്കും പട്ടിക ജാതി വിഭാഗത്തിൽ 7 പേർക്കും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഒരാളിനും ആനുകൂല്യം നൽകിയിരിക്കുന്നു. ഓരോ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള തെളിവുകൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ക്രമ പ്രകാരമുള്ള അകൗണ്ടൻസ് എന്നിവ സൂക്ഷിച്ചിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ അവസാന ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർദ്ദിഷ്ട ഭവനനിർമ്മാണ പ്രവൃത്തികൾ യഥാവിധി പൂർത്തീകരിച്ചിരുന്നുവോയെന്ന് പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കൂടാതെ ലൈഫ് പോലുള്ള താരതമ്യേന വലിയ ആനുകൂല്യ തുകകൾ കൈമാറുന്ന പദ്ധതിയിൽ ഗുണഭോക്താക്കളുടെ ഫോട്ടോ, തീയതിയുൾപ്പെടെയുള്ള ഒപ്പ് എന്നിവ ഉൾപ്പെടുത്താതെ അകൗണ്ടൻസ് സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കാണുന്നു (ഓഡിറ്റ് എൻകയറി നമ്പർ -20/2021-22തീയതി : 30.11.2022).

3) പാഥേയം പദ്ധതി - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല – രൂപ 2,45,280/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	74/2022
പേര്	പാഥേയം പദ്ധതി (Scp)
അടങ്കൽ	245280/-(Scp), 3679920/- (ജി.പ.വി) ആകെ 613200/-

ചെലവ്	രൂ. 245280/-
ബിൽ നം.	07/2021-22 തീയതി. 08.12.2021 രൂപ 245280/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ എ

മേൽ പ്രോജക്ട് പ്രകാരം തിരു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കുള്ള അക്കൗണ്ടിലേക്കാണ് (799013100000) പദ്ധതി തുക കൈമാറിയിട്ടുള്ളത്. മേൽ തുകയുടെ വിനിയോഗ വിവരം മറ്റ് വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ടി പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവർക്ക് പ്രയോജനം ലഭിക്കുന്നുണ്ടോയെന്ന വിവരം അറിയിക്കുന്നതോടൊപ്പം തിരു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻകയറി നമ്പർ -20/2021-22 തീയതി : 30.11.2022). പദ്ധതിച്ചെലവായ രൂപ 2,45,280/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) പി എം എ വൈ വിഹിതം കൈമാറൽ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല – രൂപ 2,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	70/2022
പേര്	പി എം എ വൈ വിഹിതം
അടങ്കൽ	250000/- (വി.ഫ.പൊ.വി)
ചെലവ്	രൂപ 250000/-
ബിൽ നം.	04/2021-22 തീയതി 12.11.21 രൂപ 250000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ എ

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന മേൽ പ്രോജക്ടിൽ ഗ്രാമ പഞ്ചായത്തിൽ 21 ഗുണഭോക്താക്കളാണുള്ളത് (GEN 12,SC-1,MINORITY- 8). മേൽ പദ്ധതി നടത്തിപ്പിലേക്കായി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്കുള്ള അക്കൗണ്ടിലേക്കാണ് (799013100020) പദ്ധതി തുക കൈമാറിയിട്ടുള്ളത്. മേൽ തുകയുടെ വിനിയോഗ വിവരം മറ്റ് വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻകയറി നമ്പർ -20/2021-22 തീയതി : 30.11.2022). പ്രസ്തുത രേഖകളുടെ അഭാവത്തിൽ പദ്ധതിച്ചെലവായ രൂപ 2,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ആശുപത്രി ഉപകരണങ്ങളുടെ റിപ്പയറും മെയിന്റനൻസും - രേഖകൾ അപൂർണ്ണം

പ്രോജക്ട് നമ്പർ	181/2021-22
പ്രോജക്ടിന്റെ പേര്	**ആശുപത്രി ഉപകരണങ്ങളുടെ റിപ്പയറും മെയിന്റനൻസും**
അടങ്കൽ	രൂപ 40000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ്	രൂപ 34763/-
ബിൽ നമ്പർ	27/2021-22 തീയതി. 06.01.2022 രൂപ 34763/-
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ**

മേൽ പ്രോജക്ട് പ്രകാരം ആകെ രൂപ 34763/- ചെലവുണ്ടായിട്ടുള്ളതിൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ വിവിധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി മാത്രം രൂപ 30263/- രൂപ ചെലവഴിച്ചിട്ടുണ്ട് (Monitor Led – രൂപ 11000/-, Projector - രൂപ 5100/-, OUD Unit PCB Charger രൂപ 12513/-, Key Board രൂപ 1650/-). കേടു വന്ന ഉപകരണങ്ങളുടെ കാലപ്പഴക്കം, വാറന്റി കാലയളവ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ, മേൽ ഉപകരണങ്ങൾ ഉൾപ്പെടുന്ന Stock Register, കേടുപാടു തീർത്ത ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തന സ്ഥിതി എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി നമ്പർ 28/2021-22 തീയതി : 01.12.2022 നൽകിയിരുന്നെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. വാറന്റി കാലയളവിന് പുറത്തുള്ളതും എ.എം.സി ഇല്ലാത്തതുമായ ഉപകരണങ്ങളുടെ റിപ്പയറിംഗിന് തന്നെയാണോ പദ്ധതിപ്പണം ചെലവിട്ടതെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുറപ്പിക്കുന്നതിനായി ആവശ്യപ്പെട്ട രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതും കേടുപാടു തീർത്ത ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തന സ്ഥിതിവിവരം അറിയിക്കേണ്ടതുമാണ്.

1-23 പൂഴനാട് പി.എച്ച്.സി യിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു -49000/-

പ്രോജക്ട് നമ്പർ	182/2021-22
പ്രോജക്ടിന്റെ പേര്	**പൂഴനാട് പി.എച്ച്.സി യിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ**
അടങ്കൽ	രൂപ 50000/- (ധ.ക.അ)
ചെലവ്	രൂപ 49000/-
ബിൽ നമ്പർ	Ws Bill No. 164 Dtd 01.01.2022 രൂപ 49000/-
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ**

മേൽ പ്രോജക്ട് പ്രകാരം പൂഴനാട് പി.എച്ച്.സി യിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനായി വേസ്റ്റ് ഉന്തുവണ്ടി ബിൻ നിർമ്മാണത്തിനാണ് പദ്ധതി പണം ചെലവിട്ടിട്ടുള്ളത്. ഇതിലേക്കായി Midhun Engineering Works, Amachal എന്ന സ്ഥാപനത്തിന് 49000/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വാലുവേഷൻ, കംപ്ലീഷൻ റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻകയറി നമ്പർ -28/2021-22 തീയതി : 01.12.2022 നൽകിയിരുന്നെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ ശരിയായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോയെന്നും ചെലവിൽ മിതവ്യയം പാലിച്ചിട്ടുണ്ടോയെന്നും പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പരിശോധിക്കാനായിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവ് ചെയ്ത 49,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 പാലിയേറ്റീവ് കെയർ പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

07.03.2019 ലെ സർക്കാർ ഉത്തരവ് (സാ ധാ) നം. 553/2019/ത.സ്വ.ഭ.വ പ്രകാരമാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. മേൽ ഉത്തരവ് ഖണ്ഡിക 2.9.2 പ്രകാരം, പി എം സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതും മെമ്പർ സെക്രട്ടറി അവലോകന റിപ്പോർട്ട്, വരവു ചെലവു കണക്ക് എന്നിവ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. 2021-22 കാലയളവിൽ പി എം സി യോഗം ചേർന്നതിന്റെയും അവലോകന റിപ്പോർട്ട്, വരവു ചെലവു കണക്ക് എന്നിവ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതിന്റെയും വിശദാംശങ്ങൾ ആവശ്യമായ രജിസ്റ്ററുകൾ സഹിതം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻകയറി നമ്പർ -28/2021-22 തീയതി : 01.12.2022 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതിന് തുടർ വർഷങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായും പാലിയേറ്റീവ് പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനായും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1-25 യുവജനങ്ങൾക്ക് ഓട്ടോറിക്ഷ പദ്ധതി - രൂപ 120000 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	87/2022
പേര്	പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ
അടങ്കൽ	180000/- (വി.ഫ-SCP)
ചെലവ്	രൂപ 120000/-
ബിൽ നം.	05/2021-22 തീയതി 12.11..2021, രൂപ 60000/- 08/2021-22 തീയതി 15.11.2021, രൂപ 60000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ, സർക്കിൾ എ

പട്ടികജാതി യുവാക്കൾക്ക് ചെറുകിട വ്യവസായമെന്ന രീതിയിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിലേക്കായും ഓട്ടോറിക്ഷ വാങ്ങുന്നതിനായി 60000/- രൂപ വീതം ബാക്ക് എന്റായി സബ്സിഡി നൽകുന്നതിനായിട്ടാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്.

പദ്ധതി ഗുണഭോക്താക്കളായ ശ്രീ. സജി.എ.എസ്, ശ്രീ.ജിജിൻ.പി.എസ് എന്നിവർക്ക് പൂർണ്ണമായ അപേക്ഷയുടേയും യഥാവിധി തയ്യാറാക്കിയ കരാറിന്റേയും അഭാവത്തിൽ ആണ് ആനുകൂല്യം അനുവദിച്ച് കാണുന്നത്. പദ്ധതി തുക ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായമെന്ന രീതിയിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിലേക്കായും ഓട്ടോറിക്ഷ വാങ്ങിയിരുന്നോ എന്നതുറപ്പുവരുത്തുന്നതിനായുള്ള അധിക വിവരങ്ങളോ (ആർ.സി ബുക്ക് പകർപ്പ്, ഇൻഷ്വറൻസ് പകർപ്പ്) തെളിവുകളോ ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞവയുടെ അഭാവത്തിൽ മേൽ പദ്ധതി ആനുകൂല്യം നിർദ്ദിഷ്ട ചെറുകിട വ്യവസായ/സ്വയം തൊഴിൽ സംരഭത്തിനുതന്നെ ഉപയോഗിച്ചിരുന്നോയെന്ന് പരിശോധിച്ചുറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അനിവാര്യമായ മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതി നടത്തിപ്പിനായി ചെലവിട്ട രൂപ 120000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകയറി നമ്പർ -20/2021-22 തീയതി : 30.11.2022).

1-26 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- രൂപ 125958 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	89/2022
പേര്	വയോജനങ്ങൾക്ക് കട്ടിൽ (Scp)
അടങ്കൽ	210000/- (വി.ഫ Scp)
ചെലവ്	രൂപ 125958/-
ബിൽ നം.	11/2021-22 തീയതി 26.03.2022 രൂപ 107964/- (36*2999) 12/2021-22 തീയതി 26.03.2022 രൂപ 17994/- (6*2999)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ ,സർക്കിൾ എ

പഞ്ചായത്തിലെ അറുപത് വയസ്സുകഴിഞ്ഞ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലെന്നതിനുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ലെന്നും, R K Furniture, Mukkampalamood എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങിയതിനുള്ള GST ബിൽ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ/ആനുകൂല്യം വിതരണം ചെയ്തതിനുള്ള തെളിവുകൾ എന്നിവ ചേർത്തിട്ടില്ലെന്നും കാണുന്നു. അനിവാര്യമായ മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതി നടത്തിപ്പിനായി ചെലവിട്ട രൂപ 125958/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകയറി നമ്പർ -20/2021-22തീയതി : 30.11.2022).

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കരാറുകാരന് 1,73,350/-രൂപ അധികം നല്കി-തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ
പ്രോജക്ട് നം. – SO 114/20(20-21) SO 34/21, New 121/21

അടങ്കൽ 14,50,000/(വികസന ഫണ്ട് -5,80,000/ Externally Aided Fund-8,70,000/)

എഗ്രീഡ് പി.എ.സി -11,04,309/

ചെലവ് - 6,90,452/ 3842653/01.02.2022. (;)

- 2,88,376/ ബിൽ നം 105/30.3.21 (CFc

-3,89,692/ ബിൽ നം 62/11.11.20(CFC)

കോൺട്രാക്ടർ – ശ്രീ.സുരേഷ് കുമാർ

M.BOOK No – 431,711,/19-20

കരാർ – 40/AE/LSGD/OSMGP/19-20 Dtd16/11/19

സൈറ്റ് കൈമാറിയ തീയതി - 16/09/2019

പണി പൂർത്തീകരിച്ച തീയതി - 24/08/2020

2019-20 ലെ വട്ടപ്പറമ്പ് അംഗൻവാടി നിർമ്മാണം പ്രോജക്ട് 16/09/2019 ൽ ആരംഭിച്ചെങ്കിലും 2020-21 ലാണ് പണി പൂർത്തീകരിച്ചു പാർട്ട് ബിൽ നല്കിയത്. 2019-20 ലെ ഈപ്രോജക്ട് കുറഞ്ഞ തുകയായ 11,04,309/രൂപ കാട്ട് ചെയ്ത ശ്രീ.സുരേഷ്കുമാർ എന്ന കരാറുകാരന് 16/09/2019 ൽ സൈറ്റ് കൈമാറി. എം.ബുക്ക് പ്രകാരം ആകെ പ്രവർത്തി മൂല്യം 1067116/- രൂപയാണ്. (എം ബുക്ക് നം 711/20-21 പേജ് നം 66 & 67) GST 128054/- രൂപയും ചേർന്ന 1195170/- രൂപ അനുവദിക്കുന്നതിനു പകരം 13,68,520/- രൂപ താഴെ പറയുന്ന ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽനം/ തീയതി - 105 /30.03.21 - 2,88,376/-

ചെക്ക് നം/തീയതി - 3842653/01.02.22 – 6,90,452/-

ബിൽനം/തീയതി - 62/11.11.20 - 3,89,692/-

1,73,350/- രൂപ അധികമായി നൽകിയതിന്റെ കാരണം വിശദമാക്കിയിട്ടില്ല. ഓഡിറ്റ് എൻകയറിക്ക് മറുപടിയായി അധികം നല്കിയ 1,73,350/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബില്ലുകൾ കൃത്യമായി പൂർത്തീകരിച്ച പ്രവൃത്തികളുടേയും നിരക്കിന്റേയും സൂക്ഷ്മപരിശോധന നടത്തി തയ്യാറാക്കുന്നതിന്റെ ആവശ്യകതയിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	മുന്നിരിപ്പ്	വരവ് തുക	പദ്ധതിയുടെ പേര്	ചെലവ്	നീക്കിയിരുപ്പ്
ജില്ലാ പഞ്ചായത്ത്	2021-22	2710961	4916596	ലൈഫ് ഭവനപദ്ധതി (ജനറൽ)	4000000	
	-			സ്നേഹസ്പർശം	270750	
				ക്ഷീരസമൃദ്ധി (വനിത)	396009	
				ക്ഷീരസമൃദ്ധി (ജനറൽ)	249837	
ആകെ		**2710961**	**491659**		**4916596**	**2710961**
ബ്ലോക്ക് പഞ്ചായത്ത്		1654372	4767256	ലൈഫ് ഭവനപദ്ധതി (ജനറൽ)	3136195	
				സ്നേഹസ്പർശം	270750	
				അങ്കണവാടി പോഷകാഹാരം	100000	
				പ്ലാംപഴിഞ്ഞി ചൂഴെക്കോണം കോളനി റോഡ് പുനരുദ്ധാരണം	389835	
				വട്ടപറമ്പ് - തലക്കോണം വട്ടക്കുഴി റോഡ് പുനരുദ്ധാരണം	408870	
				ക്ഷീരസമൃദ്ധി (വനിത)	347165	
				ക്ഷീരസമൃദ്ധി (ജനറൽ)	114441	
				ജില്ലാ പഞ്ചായത്ത് വിഹിതം തിരിച്ചടച്ചത്	495281	
ആകെ		**1654372**	**4767256**		**5262537**	**1059091**

4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷം നിക്ഷേപ പ്രവർത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പ വിവരം	ഉത്തരവ്/ നമ്പർ/തീയതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം അടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക

KURDFC ലോൺ	ലഭ്യമാക്കിയിട്ടില്ല	74980000	60315196	-	5001334	55313862
ഇ.എം.എസ് ഭവനപദ്ധതി	ലഭ്യമാക്കിയിട്ടില്ല	ലഭ്യമാക്കിയിട്ടില്ല	**377056**		377056	0*

** ബാങ്കിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	17768304
വരവ്	73871945
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	91640249
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	71248426
നീക്കിയിരിപ്പ്	20391823
വരവിനങ്ങളിലുള്ള നഷ്ടം	Nil
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,73,350
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	9,30,236

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1,73,350	ശ്രീമതി. ശ്രീശോഭ, അസി.എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	1,40,000	ശ്രീമതി. അനീഷ ശശി, വി.ഇ.ഒ (ബി സർക്കിൾ)
1-21-3	2,45,280	ശ്രീ. ശ്രീകുമാർ, വി.ഇ.ഒ (എ സർക്കിൾ)
1-21-4	2,50,000	ശ്രീ. ശ്രീകുമാർ, വി.ഇ.ഒ (എ സർക്കിൾ)
1-23	49,000	ഡോ. വിനോജ് .കെ.വി, മെഡിക്കൽ ഓഫീസർ
1-25	1,20,000	ശ്രീമതി. സജിത, വി.ഇ.ഒ (എ സർക്കിൾ)
1-26	1,25,956	ശ്രീ. ശ്രീകുമാർ. ബി.എസ്., വി.ഇ.ഒ (എ സർക്കിൾ)
ആകെ	**9,30,236**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ശ്രീശോഭ, അസി.എഞ്ചിനീയർ	റിട്ടയേർഡ്	സായികൃഷ്ണ,വഴുതൂർ, നെയ്യാറ്റിൻകര
ഡോ.വിനോജ്.കെ.വി, മെഡിക്കൽ ഓഫീസർ	-	മുഴവില്ല, റ്റി.സി.16/1454-1, ജെ.പി.എൻ.46എ, കണ്ണേറ്റുമുക്ക്, തൈക്കാട്.പി.ഒ
ശ്രീ. ശ്രീകുമാർ.ബി.എസ്. വി.ഇ.ഒ (എ സർക്കിൾ)	വി.ഇ.ഒ. ഒറ്റശേഖരമംഗലം	സരസമന്ദിരം, കുരുതംകോട്.പി.ഒ
ശ്രീമതി. അനീഷ ശശി, വി.ഇ.ഒ (ബി സർക്കിൾ)	വി.ഇ.ഒ, ഒറ്റശേഖരമംഗലം (ബി സർക്കിൾ)	കുളിർമ, മാർത്താണ്ഡേശ്വരം, നരുവാംമൂട്
ശ്രീമതി. സജിത, വി.ഇ.ഒ (എ സർക്കിൾ)	വി.ഇ.ഒ, ഒറ്റശേഖരമംഗലം (എ സർക്കിൾ)	അമ്പലത്തിൻവിള വീട്, മണ്ണടിക്കോണം, ഊരൂട്ടമ്പലം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-11(ബി)
2007-08	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2008-09	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (2-5 (സി)
2009-10	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-3)
2010-11	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-6)
2012-13	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	2 (3-10, 3-11)
2013-14	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	1 (3-2)
2014-15	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	5 (2-4, 2-5, 2-9, 3-8, 3-9)
2015-16	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	4 (2-2, 2-3, 3-1, 3-4)
2016-17	കെ.എസ്.എ.റ്റി.വി.എം./ജി.പി.5/599/2022 തീയതി : 25.10.2022	9 (2-2, 2-3, 2-4, 2-5, 3-4, 3-7, 3-8, 3-9, 3-11)
2017-18	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/193/2018 തീയതി : 08.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/47/2019 തീയതി : 17.03.2020	17
2019-20	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/1653/2021 തീയതി : 30.10.2021	38
2020-21	കെ.എസ്.എ.റ്റി.വി.എം./ജി.പി.2/445/2022 തീയതി : 03.06.2022	46

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്